"ഭരണഭാഷ - മാതൃഭാഷ"


# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷികസർവകലാശാല

മേലെ പട്ടാമ്പി (തപാൽ), പാലക്കാട് ജില്ല, 679 306 (പിൻ), കേരളം

ഫോൺ: +91 466 2212228, ഇമെയിൽ - rarsptb@kau.in; വെബ് - www.rarsptb.kau.in


## വിജ്ഞാപനം

നം. **RARSCZ/1716/2026-A1** തീയതി. പട്ടാമ്പി, **17-09-2026**

പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ താഴെ പറയുന്ന വിഭാഗങ്ങളിലേക്ക് അസിസ്റ്റന്റ് പ്രൊഫസറെ പരമാവധി ഒരു വർഷത്തേക്ക്, സർവകലാശാല വ്യവസ്ഥകൾക്ക് വിധേയമായി, കേരള പി എസ് സി പിന്തുടരുന്ന സംവരണക്രമം പാലിച്ച്, കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് **26.09.2026** -ന് രാവിലെ **09.00** മണിക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| **Sl.No** | **Discipline/ Department** | **No. of Vacancies** | **Qualification** | **Remuneration** |
|---|---|---|---|---|
| | | | | |
| 1. | Plant Physiology | 1 | M.Sc in Plant Physiology + NET (ICAR Approved) | ₹44100/- * (Max.) |
| 2. | Plant Breeding & Genetics | 1 | M.Sc in Plant Breeding & Genetics + NET (ICAR Approved) | ₹44100/- * (Max.) |

**(ഇതുമായി ബന്ധപ്പെട്ട സർവകലാശാല ഉത്തരവുകൾക്കും നിർദേശങ്ങൾക്കും വിധേയമായി)*

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, വയസ്സ്, ജാതി, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, തിരിച്ചറിയൽ രേഖ, സംവരണത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ തുടങ്ങിയവയുടെ അസ്സലും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, റിസർച്ച് പബ്ലിക്കേഷൻസ്, ടീച്ചിങ്/പോസ്റ്റ് ഡോക്ടറൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ മുതലായവ സഹിതം **26/09/2026**-ന് രാവിലെ **9.00**-ന് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി-യിൽ എത്തിച്ചേരേണ്ടതാണ്. സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ശേഷം അഭിമുഖം ആരംഭിക്കും.

**വ്യവസ്ഥകളും നിബന്ധനകളും**

- **നിയമനരീതി:** നിയമനം പൂർണ്ണമായും താല്ക്കാലികവും കരാർ അടിസ്ഥാനത്തിലും ആയിരിക്കും. പരമാവധി ഒരു വർഷത്തേക്കോ, സ്ഥിരം നിയമനം/സ്ഥലംമാറ്റം മുഖേന ഒഴിവ് നികത്തൽ നടത്തുന്നതുവരെയോ (ഏതാണോ ആദ്യം അതുവരെ) ആയിരിക്കും സേവന കാലാവധി. കാലാവധി അവസാനിച്ചതിനുശേഷം പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- **വയസ്സ്:** 01/01/2026-ന് 50 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല.
- NET/Ph.D. യോഗ്യതയുള്ളവരുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കും.
- അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് TA/DA നൽകുന്നതല്ല.
- **ശമ്പളം:** പ്രതിമാസ മൊത്തം പ്രതിഫലം 44,100/- രൂപയായി (നാൽപ്പത്തിനാലായിരത്തി ഒരുന്നൂറ് രൂപ മാത്രം) നിശ്ചയിച്ചിരിക്കുന്നു. വേതനമല്ലാതെ മറ്റൊരു അവകാശവും സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്നതല്ല.
- പങ്കെടുക്കുന്നവരുടെ എണ്ണം 25-ൽ കൂടുതൽ ആണെങ്കിൽ അഭിമുഖത്തിന് മുമ്പ് എഴുത്തുപരീക്ഷ നടത്തുന്നതായിരിക്കും.
- തെരഞ്ഞെടുക്കപ്പെടുന്നയാൾ KAU Act/Statute അനുസരിച്ചുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.
- ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ 200 രൂപ മുദ്രപത്രത്തിൽ കരാർ ഉടമ്പടി തയ്യാറാക്കി നൽകേണ്ടതാണ്.
- പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ മുൻകൂർ അറിയിപ്പില്ലാതെ സേവനം അവസാനിപ്പിക്കാൻ സ്ഥാപന മേധാവിക്ക് അധികാരമുണ്ടായിരിക്കും.
- കാലാവധി പൂർത്തിയാകുന്നതിന് മുൻപ് സ്വമേധയാ പിരിഞ്ഞുപോകണമെങ്കിൽ ഒരു മാസം മുൻകൂറായി നോട്ടീസ് നൽകണം; അല്ലെങ്കിൽ ഒരു മാസത്തെ പ്രതിഫലത്തിന് തുല്യമായ തുക പിഴയായി ഒടുക്കേണ്ടിവരും.
- കേരള പി എസ് സി പിന്തുടരുന്ന റോട്ടേഷൻ ക്രമം പാലിച്ചായിരിക്കും നിയമനം. നിശ്ചിത കാറ്റഗറിയിലുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കും

Digitally signed by
Thulasi V
Date: 17-09-2026
18:25:23

Dr. THULASI V
ASSOCIATE DIRECTOR OF RESEARCH

To: The Public Relations Officer, K.A.U/University Website/Notice Board – RARS, Pattambi.